**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6433** **20-03-2023 - ൽ മറുപടിയ്ക്ക്**

**കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളുടെ വിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരപ്രദേശങ്ങളുടെ വിസ്തൃതി എത്രയാണ്; ആയതിൽ കടലാക്രമണ, അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളുടെ വിസ്തൃതി എത്രയാണെന്നും പ്രസ്തുത പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ തീരപ്രദേശത്തിന്റെ നീളം (കൊല്ലങ്കോട് മുതൽ മഞ്ചേശ്വരം വരെ) 576.2 കി.മീറ്റർ ആണ്. ആയതിൽ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ ആകെ 205.901 കി.മീറ്ററും അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ ആകെ 112.208 കി.മീറ്ററും ആണുള്ളത്.<br><br>രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സംബന്ധിച്ച് 2018 ൽ ഫിഷറീസ് വകുപ്പ് സർവ്വേ നടത്തുകയും ആയത് പ്രകാരം 18685 കുടുംബങ്ങൾ ടി പ്രദേശത്ത് താമസിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളെ വേലിയേറ്റം, വേലിയിറക്കം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ എപ്രകാരം ബാധിയ്ക്കുമെന്ന് വിശദമാക്കുമോ? | (ബി) | മൺസൂൺ സമയത്ത് അതിരൂക്ഷ കടലാക്രമണമുള്ള സ്ഥലങ്ങളിൽ വേലിയേറ്റം മൂലം ഇടയ്ക്കിടെ വീടുകളിൽ വെള്ളം കയറുന്നതും വേലിയിറക്കം മൂലം തീരശോഷണവും വീടുകളുടെ അടിത്തറയിളകി വീടുകൾക്ക് നാശനഷ്ടം സംഭവിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കൂടാതെ, റോഡ് ഗതാഗതയോഗ്യമല്ലാത്ത രീതിയിൽ തകരുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ